**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **03-02-2026 - ൽ മറുപടിയ്ക്ക്**

**പാട്ടക്കുടിശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ ആയിരം കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ടെന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പാട്ടവുമായി ബന്ധപ്പെട്ട 31/03/2022 ന് അവസാനിച്ച സി.&എ.ജി. കംപ്ലയൻസ് ഓഡിറ്റ് റിപ്പോർട്ട് (Report No.3 of the year 2023) ചാപ്റ്റർ 2 ലെ ഖണ്ഡിക 2.1.22 ൽ 338.85 കോടി രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതായി ജില്ലാ കളക്ടർമാർ കണക്ക് നല്കിയിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതെ ഖണ്ഡികയിൽ പാട്ടക്കരാർ പുതുക്കാത്തതുമൂലം 11 കേസുകളിലായി 254.14 കോടി രൂപ കുടിശ്ശിക ഉള്ളതായും ഖണ്ഡിക 2.1.32 ൽ 49 കേസുകളിലായി 166.71 കോടി രൂപ കോടതി സ്റ്റേയിലാണ് എന്നും പരാമർശം ഉണ്ട്. |
| (ബി) | നിലവിൽ പാട്ടനിരക്ക് നിശ്ചയിക്കുന്നത് എപ്രകാരമാണ്; പാട്ടത്തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ നിമിത്തമാണ് പാട്ടത്തുകയിൽ കുടിശിക വരുത്തുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മുൻസിപ്പൽ കോർപ്പറേഷനിൽ ജി.ഒ (പി) 64/2016/ ആർ.ഡി തീയതി 28.01.2016 പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് ജി.ഒ (എം.എസ്) 96/2016/ ആർ.ഡി തീയതി 06.02.2016 പ്രകാരവും കമ്പോളവിലയുടെ നിശ്ചിത ശതമാനം അടിസ്ഥാനത്തിലാണ് ഭൂമി പാട്ടത്തിന് അനുവദിക്കാറുള്ളത്. പാട്ടത്തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ നിമിത്തമാണ് പാട്ടത്തുകയിൽ കുടിശ്ശിക വരുത്തുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടില്ല. എന്നാലും പാട്ടത്തുക പുനർനിശ്ചയിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പാട്ടക്കുടിശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | 1964 ലെയും 1995 ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക നിശ്ചയിച്ച് അനുവദിച്ചിരിക്കുന്ന പാട്ടങ്ങളിൽ, പാട്ടത്തുക ഒടുക്ക് വരുത്താത്തതിനാലുള്ള പാട്ടക്കുടിശ്ശിക ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുള്ള ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമായിട്ടുള്ളതും, ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ് . |

സെക്ഷൻ ഓഫീസർ